പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2019-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 21/01/2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2019-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

11/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2019 -ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

**ബിൽ**

പീഠിക.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2019-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—2019-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൽ,—

(i) (സി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (സി) അംഗമായി സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, ഒരു ഉദ്യോഗസ്ഥനും ;";

(ii) (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഔദ്യോഗികമായി തിരഞ്ഞെടുക്കപ്പെട്ട ഒരു സംസ്ഥാന ബാർ കൗൺസിലിന്റെ അഭാവത്തിൽ, അഭിഭാഷകവൃത്തിയിൽ പതിനഞ്ച് വർഷത്തിൽ കുറയാത്ത ബാർ പ്രാക്ടീസുള്ള മൂന്ന് അഭിഭാഷകരെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അങ്ങനെയുള്ള അംഗങ്ങൾ നാല് വർഷക്കാലത്തേക്കോ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ചുമതലയേൽക്കുന്നതു വരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതുമാണ്.".

3. 10-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്ടിലെ 10-ാം വകുപ്പിൽ,—

(i) (4)-ഉം (5)-ഉം ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്;

(ii) (6)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(6) ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, ട്രസ്റ്റീ കമ്മിറ്റി പാലിക്കേണ്ടതാണ്.

(7) ട്രസ്റ്റീ കമ്മിറ്റി, അതിന്റെ മുൻ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെയും തുടർന്ന് വരുന്ന സാമ്പത്തിക വർഷത്തിൽ ഏറ്റെടുക്കാൻ സാദ്ധ്യതയുള്ള പ്രവർത്തനങ്ങളുടെയും ഒരു പൂർണ്ണമായ വിവരണം നൽകുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പുകൾ തുടർന്നുവരുന്ന വർഷം ഏപ്രിൽ 30-ാം തീയതിയോ അതിനുമുൻപോ സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ, ആയത് ലഭിച്ചാലുടൻ, അങ്ങനെയുള്ള റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തു വയ്പ്പിക്കേണ്ടതുമാണ്.".

4. 10 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 10-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

" 10 എ. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഫണ്ടിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നത്.—ഫണ്ടിന്റെ കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിൽ (1994-ലെ 14-ാം ആക്ട്) വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം ട്രസ്റ്റീ കമ്മിറ്റിക്കോ സർക്കാരിനോ സമർപ്പിക്കേണ്ടതും ,സർക്കാർ, ആയത് ലഭിച്ചശേഷം, അത് നിയമസഭ മുൻപാകെ വയ്പ്പിക്കേണ്ടതുമാണ്.".

5. 22-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 22-ാം വകുപ്പിൽ,—

(i) " (1) മുതൽ (3) വരെയുള്ള ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ, യഥാക്രമം ചേർക്കേണ്ടതാണ്, അതായത് :—

" (1) സർക്കാർ, ബാർ കൗൺസിലിന്റെ അപേക്ഷയിന്മേൽ, അൻപത് രൂപയുടെയും ഇരുപത്തിയഞ്ച് രൂപയുടെയും മൂല്യമുള്ള ക്ഷേമനിധി സ്റ്റാമ്പുകൾ ബാർ കൗൺസിൽ മുദ്രയോടും, അതിന്മേൽ അതിന്റെ മൂല്യം രേഖപ്പെടുത്തിക്കൊണ്ടും അച്ചടിപ്പിക്കേണ്ടതും ആയത് വിതരണം ചെയ്യുന്നതിനുവേണ്ടി ട്രസ്റ്റീ കമ്മിറ്റി മുഖേന ബാർ കൗൺസിലിന് നൽകേണ്ടതുമാണ്.

(2) സ്റ്റാമ്പുകൾ സർക്കാർ കാലാകാലങ്ങളിൽ തീരുമാനിച്ചേക്കാവുന്ന, അങ്ങനെയുള്ള വലിപ്പത്തിലും നിറത്തിലും ആയിരിക്കേണ്ടതാണ്.

(3) സർക്കാർ നൽകുന്ന സ്റ്റാമ്പുകൾ ട്രസ്റ്റീ കമ്മിറ്റിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതും ട്രസ്റ്റീ കമ്മിറ്റി അത് വിതരണത്തിനായി ബാർ കൗൺസിലിന് ആവശ്യപ്പെടുമ്പോൾ നൽകേണ്ടതുമാണ്.";

(ii) (5)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (5)ബാർ കൗൺസിലും ബാർ അസോസിയേഷനുകളും സ്റ്റാമ്പിന്റെ കൃത്യമായ കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന, അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും സൂക്ഷിക്കേണ്ടതും സ്റ്റാമ്പുകളുമായി ബന്ധപ്പെട്ട കണക്കുകൾ ധനകാര്യവകുപ്പിലെ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ ആനുകാലിക പരിശോധനയ്ക്ക് വിധേയമായിരിക്കുന്നതുമാണ്." ;

(iii) (7)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

" (8) ക്ഷേമനിധി സ്റ്റാമ്പുകൾ അച്ചടിക്കുവാനുള്ള എല്ലാ ചെലവുകളും ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.".

6. <u>27-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"27. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം മൂലം ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ക്ഷേമനിധിയിൽ സർക്കാരിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി, 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (സി) ഖണ്ഡം ഭേദഗതിവരുത്തിക്കൊണ്ട് നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റീ കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മൂലം കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റീ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്. ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് കമ്മിറ്റിയുടെ ഘടനയെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നു. ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം, കമ്മിറ്റിയിൽ ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള അതിലെ മൂന്ന് അംഗങ്ങൾ ഉൾപ്പെടുന്നതാണ്. എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട ഒരു സംസ്ഥാന ബാർ കൗൺസിലിന്റെ അഭാവത്തിൽ കമ്മിറ്റിയിൽ അങ്ങനെയുള്ള അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച് ആക്റ്റിൽ വ്യവസ്ഥയില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ അഭിഭാഷകവൃത്തിയിൽ പതിനഞ്ച് വർഷത്തിൽ കുറയാത്ത ബാർ പ്രാക്റ്റീസുള്ള മൂന്ന് അഭിഭാഷകരെ നാമനിർദ്ദേശം ചെയ്യുന്നതിനും അവർക്ക് നാല് വർഷക്കാലത്തേയ്ക്കോ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ചുമതല ഏൽക്കുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഡി) ഖണ്ഡം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

3. നിയമസഭയുടെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി അതിന്റെ 10-ാം മത് റിപ്പോർട്ടിൽ സർക്കാരിൽ നിന്നും ഒറ്റത്തവണ ഗ്രാന്റായി 50 ലക്ഷം രൂപയിൽ കൂടുതലും ആവർത്തന ഗ്രാന്റായി 25 ലക്ഷം രൂപയിൽ കൂടുതലും ലഭിക്കുന്ന ചാരിറ്റബിൾ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റീ കമ്മിറ്റി പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനം ആയതിനാൽ സഭയുടെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ മേൽപ്പറഞ്ഞ ശിപാർശയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ആക്റ്റിലെ 10-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

4. 10 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നതുവഴി ഫണ്ടിന്റെ കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കൊണ്ട് ആഡിറ്റ് ചെയ്യിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

5. ആക്റ്റിലെ 22-ാം വകുപ്പ് പ്രകാരം ക്ഷേമനിധി സ്റ്റാമ്പുകളുടെ അച്ചടിയും വിതരണവും ബാർ കൗൺസിലിൽ നിക്ഷിപ്തമാണ്. കൂടുതൽ സുതാര്യത വരുത്തുന്നതിലേയ്ക്കും സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നതിലേയ്ക്കും കണക്കുകളിൽ ഉണ്ടാകാൻ സാധ്യതയുള്ള കൃത്രിമം തടയുന്നതിലേയ്ക്കുമായി സ്റ്റാമ്പുകളുടെ അച്ചടിയിലും വിതരണത്തിലും മേൽനോട്ടം വഹിക്കാൻ സർക്കാർ തീരുമാനിച്ചു. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം ബാർ കൗൺസിലിൽ നിന്നും ഏറ്റെടുക്കുന്നതിന് പ്രസ്തുത ആക്റ്റിലെ 27-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു.

6. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം വഴി ചേർക്കാൻ ഉദ്ദേശിക്കുന്ന 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ബാർകൗൺസിലിന്റെ അഭാവത്തിൽ പതിനഞ്ച് വർഷത്തിൽ കുറയാത്ത ബാർ പ്രാക്ടീസുള്ള മൂന്ന് അഭിഭാഷകരെ ട്രസ്റ്റീ കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡം വഴി പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 22-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് സ്റ്റാമ്പുകളുടെ വലിപ്പവും നിറവും കാലാകാലങ്ങളിൽ തീരുമാനിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 5-ാം ഖണ്ഡം വഴി പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 22-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ് ബാർ കൗൺസിലും ബാർ അസോസിയേഷനുകളും സ്റ്റാമ്പുകളുടെ ശരിയായ കണക്കുകൾ സൂക്ഷിക്കേണ്ട ഫാറവും രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 6-ാം ഖണ്ഡം വഴി പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 27-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ഏതു കാര്യങ്ങൾ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതോ, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. മാത്രവുമല്ല, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനു ശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കുവിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എ. കെ. ബാലൻ

(ശരിത്തർജ്ജമ)

# 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ (1980-ലെ 21) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

4. ട്രസ്റ്റീ കമ്മിറ്റിയുടെ നിയമനം.—(1) സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം മൂലം, അതിൽ പറയാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റീ കമ്മിറ്റി എന്നുവിളിക്കുന്ന ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്.

** ** ** **

(3)ട്രസ്റ്റീ കമ്മിറ്റി.—

(എ) ട്രസ്റ്റീ കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ ചെയർമാനായി കേരളത്തിലെ അഡ്വക്കേറ്റ് ജനറലും;

(ബി) ഗവൺമെന്റ് നിയമവകുപ്പ് സെക്രട്ടറിയും, എക്സ് ഒഫിഷ്യോ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഒരു അംഗവും ;

(ഡി) ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള അതിലെ മൂന്ന് അംഗങ്ങളും;

(ഇ) ട്രസ്റ്റീ കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ ട്രഷറർ ആയി ബാർ കൗൺസിലിന്റെ ട്രഷററും;

(എഫ്) ട്രസ്റ്റീ കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി ബാർ കൗൺസിലിന്റെ സെക്രട്ടറിയും;

ചേർന്നുള്ളതായിരിക്കേണ്ടതാണ്.

** ** ** **

10. ഫണ്ടുകൾ കടം വാങ്ങലും നിക്ഷേപിക്കലും.—(1) ** **

** ** ** **

(4) ട്രസ്റ്റീ കമ്മിറ്റിയുടെ കണക്കുകൾ ബാർ കൗൺസിൽ നിയമിച്ച ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് വർഷംതോറും ആഡിറ്റുചെയ്യിക്കേണ്ടതാണ്.

(5) ട്രസ്റ്റീ കമ്മിറ്റിയുടെ കണക്കുകൾ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ പ്രകാരം അതിന്മേൽ ആഡിറ്റ് റിപ്പോർട്ടോടുകൂടി ട്രസ്റ്റീ കമ്മിറ്റി ബാർ കൗൺസിലിന് അയക്കേണ്ടതും ബാർ കൗൺസിലിന് അതു സംബന്ധിച്ച് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ട്രസ്റ്റീ കമ്മിറ്റിക്കു നൽകാവുന്നതും ആകുന്നു.

(6) (5)-ാം ഉപവകുപ്പിൻ കീഴിൽ ബാർ കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾ ട്രസ്റ്റി കമ്മിറ്റി അനുസരിക്കേണ്ടതാണ്.

** ** ** **

22. ബാർ കൗൺസിൽ സ്റ്റാമ്പുകൾ അച്ചടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യണമെന്ന്.—(1) ബാർ കൗൺസിൽ, പതിനഞ്ച് രൂപയുടെയും ഇരുപത്തിയഞ്ച് രൂപയുടെയും മൂല്യമുള്ള ക്ഷേമനിധി സ്റ്റാമ്പുകൾ ബാർ കൗൺസിൽ മുദ്രയോടും അതിന്മേൽ അതിന്റെ മൂല്യം പതിച്ചുകൊണ്ടും അച്ചടിപ്പിക്കുകയും വിതരണം ചെയ്യിക്കുകയും ചെയ്യേണ്ടതാണ്.

(2) സ്റ്റാമ്പ് 1" x 2" എന്ന വലിപ്പത്തിലായിരിക്കേണ്ടതും അത് ഫണ്ടിലെ അംഗങ്ങൾക്ക് മാത്രം വിൽക്കേണ്ടതുമാണ്.

(3) സ്റ്റാമ്പുകൾ ബാർ കൗൺസിലിന്റെ അധീനതയിലായിരിക്കേണ്ടതാണ്.

(4) ബാർ കൗൺസിൽ, ബാർ അസോസിയേഷനുകൾ വഴി അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി ബാർ കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള ഔട്ട് ലെറ്റുകൾ വഴി സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിയന്ത്രിക്കേണ്ടതാണ്.

(5) ബാർ കൗൺസിലും ബാർ അസോസിയേഷനുകളും സ്റ്റാമ്പിന്റെ ശരിയായ അക്കൗണ്ടുകൾ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും അങ്ങനെയുള്ള രീതിയിലും സൂക്ഷിക്കേണ്ടതാണ്.

** ** ** **

(7)ഏതെങ്കിലും കോടതിയിലോ, ട്രൈബ്യൂണലിലോ, മറ്റു അധികാരസ്ഥാനത്തോ ഫയൽ ചെയ്യിട്ടുള്ള വക്കാലത്തുകളിൽ ഒട്ടിച്ചിരിക്കുന്ന ഓരോ സ്റ്റാമ്പും 1959-ലെ കേരള കോടതി ഫീസും വ്യവഹാരസലയും സംബന്ധിച്ച ആക്റ്റി (1960-ലെ 10)-ൽ വ്യവസ്ഥ ചെയ്യിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

** ** ** **

27. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്ന ആവശ്യത്തിലേയ്ക്കായി ബാർ കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഗസറ്റിൽ വിജ്ഞാപനം മൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.